Syro Malabar Commission for Liturgy



# വിശുദ്ധ മറിയം ത്രേസ്യ

ഇരിങ്ങാലക്കുട രൂപതയിലെ പുത്തൻചിറ ഇടവകയിൽ ചിറമ്മൽ മങ്കിടിയാൻ തോമാ-താണ്ട ദമ്പതികളുടെ മൂന്നാമത്തെ സന്താനമായി 1876 ഏപ്രിൽ 26 ന് മറിയം ജനിച്ചു. 1926 ജൂൺ 8 നാണ് നിത്യസമ്മാനത്തിനായി ദൈവപിതാവിന്റെ പക്കലേക്ക് അവൾ യാത്രയായത്. ചെറുപ്പംമുതൽതന്നെ ദൈവാഭിമുഖ്യവും പാവപ്പെട്ടവരോട് പ്രത്യേകസ്നേഹവും മറിയം പുലർത്തിയിരുന്നു. കുടുംബപ്രേഷിതത്വം മുദ്രാവാക്യമായി സ്വീകരിച്ച അവൾ തന്റെ മുപ്പത്തിയെട്ടാമത്തെ വയസ്സിൽ കുടുംബശുശ്രൂഷക്കായി 1914 മെയ് 14 കോൺഗ്രിഗേഷൻ ഓഫ് ദ ഹോളിഫാമിലി എന്ന ഒരു സന്യാസസമൂഹം സ്ഥാപിച്ചു.

കുടുംബപ്രേഷിതത്വത്തിന്റെ മദ്ധ്യസ്ഥയായ മറിയം ത്രേസ്യ പാവപ്പെട്ടവരുടെ കുടുംബങ്ങളിലേക്ക് സധൈര്യം ഇറങ്ങിച്ചെന്നു. കുടുംബങ്ങളാണ് സഭയുടെയും സമൂഹത്തിന്റെയും അടിസ്ഥാനമെന്നു മനസ്സിലാക്കിയ അവൾ അറ്റുപോയ കുടുംബബന്ധങ്ങൾ കൂട്ടിയിണക്കുവാൻ നിതാന്തജാഗ്രത പുലർത്തി. അക്കാലത്ത് വ്യാപകമായിരുന്ന വസൂരി, കോളറ തുടങ്ങിയ മാരകരോഗങ്ങൾ ബാധിച്ചവരെ പരിചരിക്കാൻ നിർഭയത്വത്തോടുകൂടി മറിയം ത്രേസ്യ മുന്നിട്ടറങ്ങി. സ്ത്രീകളുടെ വിദ്യാഭ്യാസം, ആരോഗ്യം എന്നിവയ്ക്കായി കഠിനാദ്ധ്വാനം ചെയ്ത് അവൾ നവോത്ഥാനത്തിന്റെ തിരിതെളിച്ചു.

1973 ൽ മറിയം ത്രേസ്യയുടെ നാമകരണനടപടികൾക്ക് തുടക്കം കുറിച്ചതോടെ ദൈവദാസി എന്ന പദവിക്ക് മദർ അർഹയായി. 1999 ജൂൺ 28 ന് റോമിൽ വച്ച് ജോൺ പോൾ രണ്ടാമൻ മറിയം ത്രേസ്യയെ ധന്യയായി പ്രഖ്യാപിച്ചു. 1974ൽ തൃശൂർ അതിരൂപ തയിലെ അമ്മാടം ഇടവകയിലെ പല്ലിശ്ശേരി മാത്യു എന്ന 14 വയസ്സുകാരന്റെ വളഞ്ഞി രുന്ന രണ്ടു കാല്പാദങ്ങളും നിവർന്നത് മറിയം ത്രേസ്യയുടെ മദ്ധ്യസ്ഥതയാൽ നടന്ന അദ്ഭുതമാണെന്നു സ്ഥിരീകരിച്ചതിനാൽ 2000 ഏപ്രിൽ 9ന് റോമിൽ വച്ചു ജോൺ പോൾ രണ്ടാമൻ പാപ്പ അവളെ വാഴ്ത്തപ്പെട്ടവളായി പ്രഖ്യാപിച്ചു.

വാഴ്ത്തപ്പെട്ട പദവിയിലേക്ക് ഉയർത്തിയശേഷം വിശുദ്ധ പദവിയിലേക്ക് ഉയർത്തുന്നതിനുമുൻപായി ഒരു അത്ഭുതംകൂടി മറിയം ത്രേസ്യയുടെ മദ്ധ്യസ്ഥതയിൽ സംഭവിക്കണമായിരുന്നു. 2009ഏപ്രിൽ 9നാണ് മദറിനെ വിശുദ്ധയായി പ്രഖ്യാപിക്കുന്ന തിനുവേണ്ട രണ്ടാമത്തെ അദ്ഭുതം നടന്നത്. തൃശൂരിനടുത്തുള്ള പെരിഞ്ചേരി ചൂണ്ടൽ ജോഷി-ഷിബി ദമ്പതികളുടെ മകനായ ക്രിസ്റ്റഫർ ജനിച്ചത് പൂർണവളർച്ചയെത്താതെ യാണെന്നു മാത്രമല്ല ശ്വാസകോശസംബന്ധമായ രോഗത്തോടും കൂടെയായിരുന്നു. രോഗംമൂലം കുട്ടിയുടെ ജീവൻ അപകടത്തിലായപ്പോൾ മറിയം ത്രേസ്യയുടെ മാദ്ധ്യ സ്ഥ്യം അപേക്ഷിച്ച് അവർ പ്രാർത്ഥിക്കുകയും, യാതൊരു മരുന്നുകളുമില്ലാതെ കുട്ടി സുഖപ്പെടുകയും ശ്വാസോച്ഛ്വാസം സാധാരണഗതിയിലാവുകയും ചെയ്തു. കുട്ടിയുടെ സൗഖ്യം വൈദ്യശാസ്ത്രത്തിനു വിവരിക്കാനാവത്തതാണെന്ന് കുട്ടിയെ ചികിത്സിച്ചി

രുന്ന ഡോ. ശ്രീനിവാസൻ സ്ഥിരീകരിക്കുകയുണ്ടായി. അങ്ങനെ വാഴ്ത്തപ്പെട്ട മറിയം ത്രേസ്യയെ 2019 ഒക്ടോബർ 13 ന് വിശുദ്ധയായി ഫ്രാൻസിസ് പാപ്പ നാമകരണം ചെയ്തു.

ഭാരതസഭയുടെ അഭിമാനവും കുടുംബപ്രേഷിതത്വത്തിന്റെ മദ്ധ്യസ്ഥയുമായ മറിയം ത്രേസ്യായുടെ മഹനീയമാതൃക കൊറോണ എന്ന മഹാമാരി സംഹാരതാണ്ഡവമാടുന്ന കാലികസംസ്കൃതിയിൽ നമുക്ക് അനുകരിക്കാം. കൊറോണ പകർച്ചവ്യാധിയാൽ ഒറ്റപ്പെട്ടുപോയവർക്ക് മറിയം ത്രേസ്യായെപ്പോലെ ആശ്വാസദൂത് പകർന്നുനല്കാം. ഈ മഹാമാരി ഉയർത്തുന്ന പ്രതിസന്ധികൾക്കിടയിലും കുടുംബന്ധങ്ങളെ സ്നേഹത്തിന്റെയും കൂട്ടായ്മയുടെയും ചരടിൽ ഇഴചേർത്തുനിറുത്താം. ഈ രോഗം മൂലം നമ്മിൽനിന്ന് വേർപെട്ടുപോയവർക്കുവേണ്ടി പ്രാർഥിക്കാം.

ഫാ. ഫ്രാൻസിസ് പിട്ടാപ്പിള്ളിൽ
മൗണ്ട് സെന്റ് തോമസ്. കാക്കനാട്
7.06.2021

Read More:www.syromalabarliturgy.org